# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

### മരണസർട്ടിഫിക്കറ്റ് നൽകുന്നതിന് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 4133. 20.03.18- ൽ മറുപടി നൽകേണ്ടത്

| | ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | മരണ സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് പുതിയ മാർഗ്ഗ-നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അവ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | ഉണ്ട്. മരണ രജിസ്ട്രേഷനിൽ മരിച്ചയാളുടെയും അപേക്ഷകന്റെയും ആധാർ നമ്പർ/EID രേഖപ്പെടുത്തുന്നതിന് രജിസ്ട്രാർ ജനറൽ ഇന്ത്യയുടെ 04/08/2017-ലെ 1/12/2014-VS(CRS) നമ്പർ വിജ്ഞാപന പ്രകാരം 18/09/2017-ൽ ചീഫ് രജിസ്ട്രാറുടെ കാര്യാലയത്തിൽ നിന്നും ബി1-30277/17-)ം നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം മരണ സർട്ടിഫിക്കറ്റിനായി നൽകുന്ന അപേക്ഷ മരണം രജിസ്റ്റർ ചെയ്യുന്നതിനായി നൽകുന്ന റിപ്പോർട്ട് എന്നിവ-യോടൊപ്പം മരിച്ചയാളുടെയും അപേക്ഷകന്റെയും ആധാർ നമ്പർ/EID നമ്പറോ അത് ലഭ്യമല്ലെങ്കിൽ അത് സംബന്ധിച്ച സത്യവാങ്മൂലമോ കൂടി നൽകണം. |
| (ബി) | മരണ സർട്ടിഫിക്കറ്റ് ലഭിക്കാൻ മരിച്ചയാളുടെ ആധാർ നമ്പർ നിർബന്ധമാക്കിയിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | ആധാർ നമ്പർ ലഭ്യമല്ലാത്തവർ മരണപ്പെട്ടാൽ അവരുടെ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ? | (സി) | മരണപ്പെട്ട വ്യക്തിയുടെ ആധാർ നമ്പർ അപേക്ഷകന് അറിവില്ലെങ്കിൽ അദ്ദേഹത്തിന്റെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം മരിച്ചയാൾക്ക് ആധാർ നമ്പർ ഇല്ലെന്ന് വ്യക്തമാക്കുന്ന ഒരു സത്യവാങ്മൂലം ടിയാനിൽ നിന്നും ലഭ്യമാക്കി രജിസ്ട്രാർക്ക് മരണം രജിസ്റ്റർ ചെയ്യാവുന്നതും സർട്ടിഫിക്കറ്റ് ലഭ്യമാക്കാവു-ന്നതുമാണ്. |

സെക്ഷൻ ഓഫീസർ